# ആമുഖം

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ ചൊക്ലി ഗ്രാമപഞ്ചായത്തിലെ 15ാം വാർഡിലാണ്' കവിയൂർ എൽ.പി.സ്കൂൾ സ്ഥിതി ചെയ്യുന്നത്. ലോകപ്രശസ്ത മലയാളഭാഷാ നിഘണ്ടു നിർമ്മാതാവ് ഡോ.ഹെർമൻ ഗുണ്ടർട്ടിനെ മലയാളം പഠിപ്പിച്ച ഊരാച്ചേരി ഗുരുനാഥൻമാരുടെ ഊരാണ് കവിയൂർ.

ചൊക്ലി അംശം കവിയൂർ ദേശത്ത് അക്ലിയത്ത് ചന്തു എന്നവരാണ് കവിയൂരിലെ വണ്ണത്താം വീടിൻറെ തെക്ക് പടിഞ്ഞാറ് ഭാഗത്ത് 1914ൽ കവിയൂർ എൽ.പി.സ്കൂൾ സ്ഥാപിച്ചത്. പിന്നീട് കുഞ്ഞോമന അമ്മ മാനേജറായി. 1950ൽ വൈക്കിലേരി മീത്തൽ കെ.കൃഷ്ണൻ മാസ്റ്ററും 2002ൽ മകൻ വി.പി.ഭാർഗ്ഗവനും മാനേജറായി.

കവിയൂർ, മങ്ങാട്, പള്ളൂർ, ചൊക്ലി, പെരിങ്ങാടി, ഒളവിലം പ്രദേശങ്ങളിലെ ധാരാളം കുട്ടികൾ ഇവിടെ നിന്ന് വിദ്യാഭ്യാസം നേടി. നമ്മുടെ നാട്ടിലെ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ രംഗത്തെ ഒരുപാട് ആളുകൾ ഈ വിദ്യാലയത്തിന്റെ മുതൽ കൂട്ടാണ്. പി.ടി.എ. എം.പി.ടി.എ. എസ്.എസ്.ജി., പൊതുജനങ്ങൾ, ഡിപ്പാർട്ട്മെന്റ്, മാനേജ്മെന്റ്, ചൊക്ലി ഗ്രാമ പഞ്ചായത്ത് തുടങ്ങിയവരുടെ കൂട്ടായ സഹായ സഹകരണത്തോടെയാണ് ഈ വിദ്യാലയം ഇന്നത്തെ നിലയിൽ എത്തിച്ചേർന്നത്.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ആവിർഭാവത്തോടെ കുട്ടികൾ കുറഞ്ഞു തുടങ്ങിയെങ്കിലും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകികൊണ്ട് കുട്ടികളുടെയും സ്കൂളിൻറെയും സർവതോന്മുഖമായ ഉന്നമനത്തിന് വേണ്ടി എല്ലാവരും കൂട്ടായ് പ്രവ്യത്തിക്കുന്നതിനാൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഓരോ വിദ്യാലയത്തിനും ഭൗതികസാഹചര്യങ്ങൾ മാനുഷിക വിഭവശേഷി, സമ്പത്ത്, വിവിധ സാമഗ്രികൾ എന്നിങ്ങനെ വിവിധതരം വിഭവങ്ങൾ വേണം. പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുകയാണ്. പൊതുസമൂഹം ഓരോ വിദ്യാലയത്തെയും പ്രതീക്ഷയോടെയാണ് നോക്കി കാണുന്നത്. ഇത്തരം വിദ്യാലയത്തിൽ പഠിക്കുന്ന കുട്ടികളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ഓരോ കുട്ടിയും തന്റെ പ്രായത്തിനൊത്ത വിജ്ഞാനം നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇതിനായി ഓരോ വിദ്യാലയത്തിലെയും അക്കാദമിക നിലവാരം കൃത്യമായ ആസൂത്രണത്തിലൂടെ മികവുറ്റതാക്കേണ്ടതുണ്ട്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനു വേണ്ടിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ (ഹ്രസ്വകാലം, മധ്യകാലം, ദീർഘകാലം) തയ്യാറാക്കിയത്.

പൊതു വിദ്യാഭ്യാസം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ധാരാളം പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തിൽ നടന്നു കഴിഞ്ഞു. പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രതിജ്ഞ. ബോധവൽക്കരണ ക്ലാസ്സുകൾ വിദ്യാലയ വികസനസമിതി, പൂർവ്വ വിദ്യാർത്ഥി സംഗമം തുടങ്ങിയവ. ഈ വർഷം അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരണവും രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്സും വൈവിധ്യമാർന്ന മറ്റ് പഠന പ്രവർത്തനങ്ങളും നടക്കുകയുണ്ടായി

പൊതുവിദ്യാലയത്തിലെ കുട്ടികളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിന് വേണ്ടിയാണ് അക്കാദമി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങൾ നടന്നു വരുന്നു.

# ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ച് കൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിന' പുറത്തുള്ള ജിവിതവുമായി ബന്ധപ്പെടുത്തുക. കാണാപാഠം. പഠിക്കുന്ന രീതി ഒഴിവാക്കി. പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠനപ്രവർത്തനങ്ങളെ വികസിപ്പിക്കുക. പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രമിക്കുക. നിരന്തര മൂല്യനിർണ്ണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക. പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനം നൽകുക. പ്രീ പ്രൈമറി മുതൽ അഞ്ചാം ക്ലാസ്സു വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടിയുടെയും ചരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുകയും എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ വളർത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വൈവിധ്യമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യിട്ടുള്ളത്.

1. എൽ.എസ്.എസ്. പരീക്ഷയിൽ മികച്ച വിജയം നേടുക. എഴുത്തിലും വായനയിലും മുഴുവൻ കുട്ടികളെയും പ്രാപ്തരാക്കുക

2. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ

3. രസകരമായ ഗണിതപഠനം

4. കലാകായിക പ്രവൃത്തി പരിചയമേളകളിൽ മികച്ച പങ്കാളിത്തം.

5. കൂടുതൽ അറിയുവാനും ചിന്തിക്കുവാനുമുള്ള കഴിവുകൾ കുട്ടികളിൽ വളർത്തുക

6. പ്രായോഗിക പ്രവർത്തനങ്ങളിലൂടെ ജ്യോതിശാസ്ത്ര പഠനവും ശാസ്ത്രപഠനവും താൽപര്യജനകവും ക്രിയാത്മകവുമാക്കുക സാമൂഹ്യ

7. സ്കൂളിലെ മുഴുവൻ കുട്ടികളിലും കലാപരമായ കഴിവ് വളർത്തുകയും ചിത്രകലയുടെ സാധ്യത പ്രയോജനപ്പെടുത്തുകയും ചെയ്യുക.

8. കുട്ടികളുടെ ആരോഗ്യകായികക്ഷമത വർദ്ധിപ്പിക്കൽ

9. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പരമ്പരാഗത പഠനരീതിയിൽ മാറ്റം വരുത്തുക.

10. സർഗ്ഗാത്മക രചനക്ക് പരമാവധി അവസരങ്ങൾ നൽകുക

11. എല്ലാ ഇംഗ്ലീഷ് ഭാഷാപഠന നേട്ടങ്ങളും എല്ലാ കുട്ടികളിലും ആർജ്ജിക്കുക.

12. നെൽക്കൃഷിയെക്കുറിച്ച് സമഗ്രമായ അറിവ് ശേഖരിക്കുക

13. ചുറ്റുപാടുമുള്ള ചരിത്രപ്രാധാന്യമുള്ള പ്രദേശങ്ങൾ കണ്ടെത്തി സന്ദർശിക്കുക

14. ഭാഷാശാസ്ത്ര വിഷയങ്ങൾ ഉൾപ്പെടെ എല്ലാ രംഗത്തും ഗവേഷകത്വരയുള്ള കുട്ടികളെ വാർത്തെടുക്കുന്നു.

15. അധ്യാപകരുടെ ക്രിയാത്മക ചിന്തകൾക്കും പ്രവർത്തനങ്ങൾക്കും ഗവേഷണങ്ങൾക്കും പ്രോത്സാഹനം നൽകുക

16. പഴമയുടെ നന്മ കുട്ടികളെ ബോധ്യപ്പെടുത്തുക

17. പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് അക്കാദമിക രംഗത്ത് പുരോഗതി ഉറപ്പാക്കൽ

18. കുട്ടിയുടെ വ്യത്യസ്ത മേഖലകളിലെ കഴിവുകൾ പരമാവധി വികസിപ്പിക്കുക

19. പാഴ് വസ്തുക്കളും ഉപേക്ഷിക്കുന്ന പുസ്തകങ്ങളെയും വായനാസാമഗ്രികളെയും സ്നേഹിക്കുവാനും സംരക്ഷിക്കാനുള്ള മനോഭാവം കുട്ടികളിൽ വളർത്തുക

20. അധ്യാപകരുടെ ശാക്തീകരണം

# മേഖല - അക്കാദമികം

## ഉപമേഖല : ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാ ശേഷി വളർത്തൽ | • വയനാക്കൂട്<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ<br>• അമ്മ വായന പുസ്തകപരിചയം<br>• ആസ്വാദനക്കുറിപ്പ്<br>• വായനക്കളരി<br>• ലഘു പ്രഭാഷണം | വർഷം മുഴുവൻ | SRG<br>PTA | PTA |
| എഴുത്ത് പരിപോഷിപ്പിക്കൽ<br><br>സർഗാത്മകതയെ തട്ടി ഉണർത്താം | • രചന ശില്പശാല<br>• കഥ കവിത രചനയ്ക്കുള്ള വേദിയൊരുക്കൽ<br>• സാഹിത്യകാരന്മാരും എഴുത്തുകാരുമായും സംവദിക്കൽ<br>• വായനാക്കുറിപ്പ് | വർഷം മുഴുവൻ | SRG<br>PTA | PTA |

## ഉപമേഖല:ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളിലൂടെ നിർമ്മാണ പ്രവർത്തനം ഉൾപ്പെടുത്തി ഗണിത പഠനം രസകരമാക്കൽ<br><br>ഗണിത ചിന്താശേഷി വളർത്തൽ | • ഗണിത ശില്പശാല<br>• നിർമ്മാണം<br>• കുസൃതി കണക്ക്<br>• ഗണിത പസിൽ പരിചയപ്പെടുത്തൽ<br>• ഒറിഗാമി<br>• രൂപങ്ങളുടെ നിർമ്മാണം<br>• മെട്രിക് മേള | ജൂൺ – മാർച്ച് | SRG<br>PTA | PTA |

## ഉപമേഖല:പരിസര പഠനം

| ലക്ഷ്യം | പ്രവർത്ത നം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ താല്പര്യമുണ്ടാക്കുക | • ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം<br>• ശാസ്ത്ര ദിനം ആചരിക്കൽ<br>• പോസ്റ്റർ തയ്യാറാക്കൽ<br>• ക്വിസ് തയ്യാറാക്കൽ<br>• സ്കൂളിലും വീട്ടിലും പച്ചക്കറിത്തോട്ട പരിപാലനം | വർഷം മുഴുവൻ | SRG<br>PTA | PTA |

ഉപമേഖല:ENGLISH

| AIM | ACTIVITY | DURATION | CHARGE | FUND |
|---|---|---|---|---|
| vocabulary developing | ● News paper reading .<br>● English diary.<br>● English assembly.<br>● Simple speech. | 1 YEAR | SRG<br>PTA | PTA |